# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *583** **28.10.2016 ൽ മറുപടിയ്ക്ക്**

## ഹൈടെക് കൃഷി രീതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാജൻ**<br>**ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**<br>**ശ്രീ.ആർ.രാമചന്ദ്രൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | എ) ഹൈടെക് കൃഷിരീതികൾ പ്രോത്സാഹി പ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം ഹൈടെക് ഫാമിംഗ്, പച്ചക്കറി കൃഷി വികസന പദ്ധതി, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്നീ മൂന്ന് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കേരളത്തിന് അനുയോജ്യമായ ചെറിയ പോളീഹൗസുകൾ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ഇത്തരം യൂണിറ്റുകളിൽ വീടുകളിൽ നിന്ന് പുറന്തള്ളുന്ന ഉപയോഗിച്ച ജലം ശുദ്ധി ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. |
| ബി) സംസ്ഥാനത്ത് പോളിഹൗസ് സാങ്കേതികവിദ്യ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ ഗുണവിശേഷങ്ങൾ വ്യക്തമാക്കുമോ? | ബി) ഉണ്ട്. പോളീഹൗസ് കൃഷി രീതിയുടെ ഗുണവിശേഷങ്ങൾ ചുവടെ ചേർക്കുന്നു:<br>• പോളീഹൗസ് കൃഷി തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്ന് ഇരട്ടിയിലധികം അധിക ഉത്പാദനം സാധ്യമാക്കുന്നുണ്ട്<br>• കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യ വലുപ്പവും ഗുണമേന്മയും ഉള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്<br>• പോളീഹൗസിനുള്ളിലെ കൃഷിയെ കാലാവസ്ഥാ വ്യതിയാനങ്ങൾ ബാധിക്കാത്തതിനാൽ വർഷം മുഴുവനും ഉത്പ്പന്ന ലഭ്യതയും, വരുമാനവും കർഷകർക്ക് ഉറപ്പുവരുത്തുന്നു. |

S. Kum

**സെക്ഷൻ ഓഫീസർ**